**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അറ്റന്റർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് കാസർഗോഡ് കളക്ടറേറ്റിലെ അറ്റന്റർ ഗ്രേഡ്-2 ആയ ശ്രീ. രാജു ജി.-യെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3952/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 08.12.2017.

==========================================================

പരാമർശം:- 1. ലാന്റ് റവന്യൂ കമ്മീഷണറുടെ 19.10.2017-ലെ എൽ.ആർ.എൻ3-51169/2017 നമ്പർ കത്ത്.

2. 01.11.2017-ലെ സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ എ 1-768/2013/സം.തി.ക. നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അറ്റന്റർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് കാസർഗോഡ് കളക്ടറേറ്റിലെ അറ്റന്റർ ഗ്രേഡ്-2 ആയ ശ്രീ. രാജു ജി.യ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. കാസർഗോഡ് കളക്ടറേറ്റിലെ അറ്റന്റർ ഗ്രേഡ്-2 ആയ ശ്രീ. രാജു ജി.-യുടെ സേവനം സംസ്ഥാന തിരഞ്ഞെടുപ്പ്കമ്മീഷണറുടെ കാര്യാലയത്തിന് നൽകുന്നതിന് ടി.വകുപ്പിന് എതിർപ്പില്ലായെന്ന് ലാന്റ് റവന്യൂ കമ്മീഷണർ സൂചന(1) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അറ്റന്റർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് കാസർഗോഡ് കളക്ടറേറ്റിലെ അറ്റന്റർ ഗ്രേഡ്-2 ആയ ശ്രീ. രാജു ജി.-നെ അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എൽ.**

**അണ്ടർ സെക്രട്ടറി.**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ. രാജു ജി., അറ്റന്റർ ഗ്രേഡ്-2, കളക്ടറേറ്റ്, കാസർഗോഡ്.
(ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ